മൂവി പാനൽ - ഇന്നത്തെ സിനിമ

ഗുപ്ത്

23 വർഷങ്ങൾക്ക് മുൻപ് ഒരു ജൂലൈ മാസത്തിലാണ് രാജീവ് റായുടെ ഗുപ്ത് തിയേറ്ററുകളിൽ എത്തുന്നത്. ഇന്ത്യൻ യുവത്വത്തിന് ഒരു ട്രെൻഡ് സെറ്റർ തന്നെയായിരുന്നു ബോബി ഡിയോളും അതിലെ ഗാനങ്ങളും. പ്രണയം, ആക്ഷൻ, ഗാനങ്ങൾ, ഡാൻസ്, സസ്പെൻസ്, സെന്റിമെൻസ്, ട്വിസ്റ്റ് എന്നിങ്ങനെ ഒരു ശരാശരി ഇന്ത്യൻ സിനിമ ആസ്വാദകനെ ത്രസിപ്പിക്കാനുള്ളതെല്ലാം നിറഞ്ഞ ഒരു ഇടിവെട്ട് ഐറ്റം എന്ന് തന്നെ പറയാം.

തന്റെ രണ്ടാനച്ഛനും ഗവർണറുമായ ജസ്സ്വിംഗ് സിൻഹയുമായി സഹീൽ സിൻഹ (ബോബി ഡിയോൾ )ഭയങ്കരമായ വഴക്ക് ഉണ്ടാക്കി.അന്നേ ദിവസം രാത്രി, അദ്ദേഹത്തെ ആരോ കൊലപ്പെടുത്തുന്നു. അച്ഛന്റെ ദേഹത്തെ കത്തി ഊരുന്നതിനിടയിൽ എത്തിയ അമ്മ പോലും സഹിലിനെ കൊലപാതകിയായി കാണുന്നു.. കോടതി 14 വർഷത്തെക്ക് ശിക്ഷിച്ചു ജയിലിൽ എത്തിയപ്പോഴും സഹിലിന്റെ ചിന്ത മുഴുവൻ യഥാർത്ഥ കൊലപാതകിയെ എങ്ങനെ കണ്ടെത്താം എന്നതായിരുന്നു.തന്റെ കാമുകിയും മന്ത്രിയുടെ മകളുമായ ശീതളിന്റെ സഹായത്തോടെ സഹീൽ ജയിൽ ചാടുന്നു.ജയിൽ ചാടിയ സഹിലിനെ പിടിക്കാൻ നിയോഗിക്കപ്പെട്ടത് അതി സമർത്ഥനായ ഉദ്ധം സിംഗ് എന്ന ഇൻസ്പെക്ടർ ആയിരുന്നു. പിന്നീടങ്ങോട്ട് ത്രില്ലെർ ആയി മാറുന്ന സിനിമ അവസാന നിമിഷം വരെയും ആ രസച്ചരട് നിലനിർത്തുന്നു.

കാജൽ, മനീഷ കൊയ്‌രാള എന്നീ നായികമാരുടെ അഭിനയത്തോടൊപ്പം ഓംപുരിയുടെയും പരേഷ് രാവാളിന്റെയും പ്രകടനവും എടുത്ത് പറയേണ്ടവയാണ്.നായകനെ പോലും വെല്ലുന്ന കിടിലൻ കഥാപാത്രം ആയിരുന്നു ഓംപുരിയുടെ ഇൻസ്പെക്ടർ ഉദ്ധം സിംഗ്.

രണ്ട് പതിറ്റാണ്ടുകൾക്ക് ഇപ്പുറവും ആസ്വദിച്ചു കാണാൻ പറ്റുന്ന ഈ സിനിമയുടെ നട്ടെല്ല്, വിജു ഷാ ഒരുക്കിയ അതിലെ മനോഹര ഗാനങ്ങൾ(മുഴുവൻ കോപ്പി ആണെങ്കിൽ പോലും) തന്നെയാണ്.